## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1665** — **15.02.2016-ൽ മറുപടിക്ക്**

# മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്കുള്ള ഫണ്ട്

**ചോദ്യം**

ശ്രീ. പി.ബി.അബ്ദുൾ റസാക്
ശ്രീ. എൻ.ഷംസുദ്ദീൻ
ശ്രീ. മോയിൻ കുട്ടി
ശ്രീ. എം.ഉമ്മർ

**ഉത്തരം**

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഗ്രമപഞ്ചായത്തുകൾക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം നൽകിയ ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് പ്രത്യേകം ഫണ്ട് നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 35 ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 216.92 ലക്ഷം രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 255 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 1650 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 692.25 ലക്ഷം രൂപയും, 2013-14 സാമ്പത്തിക വർഷത്തിൽ 96 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 323.40 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 666.70 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 75 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 250.71 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 75.31 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 66 ഗ്രാമപഞ്ചായത്തുകൾക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 294.23 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 212.96 ലക്ഷം രൂപയും മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ശുചിത്വ മിഷൻ മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പരിശോധനയോ അവലോകനമോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഭൗതിക-സാമ്പത്തിക പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ശുചിത്വ മിഷനിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമായി വരുന്നു. |
| (സി) | എങ്കിൽ അവലോകനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കുന്നതിനും ധനവിനിയോഗം ഉറപ്പാക്കണമെന്നും കാണിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നു. ലഭ്യമായ പുരോഗതി റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും പരിശോധിച്ച് ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**